"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - പാലക്കാട് സി.എ.എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) ശ്രീമതി.ലക്ഷ്മിപ്രിയ എസ് ബഹ.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.24260/2021 ലെ 17.11.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2274/2022/GEDN തീയതി,തിരുവനന്തപുരം, 06-04-2022

---

പരാമർശം:-

1. ശ്രീമതി.ലക്ഷ്മിപ്രിയ എസ് ന്റെ 07.09.2021 ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി6)
2. ശ്രീമതി.ലക്ഷ്മിപ്രിയ എസ് ബഹ.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.24260/2021 ലെ 17.11.2021 ലെ വിധിന്യായം
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13.01.2022 ലെ ബി6/6016/2021 നമ്പർ കത്ത്
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 12.02.2022 ലെ ഡി.ജി.ഇ/1116/2022-ഇ.എം1 നം കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് സി . എ . എച്ച് . എസ് . എസ് ലെ എച്ച് . എസ് . ടി ( ഫിസിക്കൽ സയൻസ് ) ശ്രീമതി . ലക്ഷ്മിപ്രിയ എസ് ബഹ . കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.2 4 2 60 /2021 ലെ 1 7 .11.2021 ലെ വിധിന്യായത്തില് , ഹർജിക്കാരി സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി 6 റിവിഷൻ ഹർജി , ഹർ ജിക്കാരിയെയും 4 - ാം എതിർ കക്ഷിയെയും ഉചിത മാർഗേണ കേട്ട് , തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു . ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 22.2.2022 - ന് കേട്ടു . ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു .

"എന്നെ മാനേജർ 01/06/2015 മുതൽ എച്ച്.എസ്.എ ഫിസിക്കൽ സയൻസ് ടീച്ചറായി നിയമിക്കുകയും നിയമനം 25/10/2017 ലെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി6/3057/2017-ാം നമ്പർ ഉത്തരവിൻ പ്രകാരം അംഗീകരിക്കപ്പെടുകയും ചെയ്തു. സ്കൂളിൽ കുട്ടികൾ കുറവ് വന്നതിനാൽ തസ്തിക നഷ്ടപ്പെടുകയും 15/04/2019 മുതൽ ജോലി ഇല്ലാതെ പുറത്ത് പോവേണ്ടി വരുകയും ചെയ്തു. 2021-22 ൽ സ്കൂളിൽ താഴെ പറയും പ്രകാരം കുട്ടികൾ ഹൈസ്കൂളിൽ ലഭ്യമാകുന്നു.

ക്ലാസ് കുട്ടികളുടെ എണ്ണം

| | |
|---|---|
| 8 | 84 |
| 9 | 65 |
| 10 | 64 |

മേൽ സൂചിപ്പിച്ചതിൻ പ്രകാരം സ്കൂളിൽ 7 തസ്തിക ഹൈസ്കൂളിൽ അനുവദനീയമാണ്. അപ്രകാരം താഴെ പറയും പ്രകാരം തസ്തികകൾ വിഭജിക്കേണ്ടതാണ്.

ഫിസിക്കൽ സയൻസ് - 2

നാച്ചുറൽ സയൻസ് - 1

ഗണിതം - 2

ഇംഗ്ലീഷ് - 1

സോഷ്യൽ സയൻസ് - 1

അപ്രകാരം ഫിസിക്കൽ സയൻസ് അധ്യാപികയായ റിവിഷൻ ഹർജിക്കാരിയ്ക്ക് സ്കൂളിൽ തിരിച്ചുവരുന്നതിന് തസ്തിക ലഭ്യമാണ്. റിവിഷൻ ഹർജിക്കാരി 51(എ) അവകാശി ആണെന്നത് അവിതർക്കിതമാണ്. ഇക്കാര്യത്തിൽ 06/07/2021 ന് സർക്കാർ ഹർജിക്കാരിയ്ക്ക് അനുകൂലമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. 2019-2020 അധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ 2020-21 വർഷത്തിലും തുടരുന്നതാണെന്ന് 21/02/2021 ലെ ഉത്തരവിൽ സ്പഷ്ടീകരിച്ചിട്ടുണ്ട്. 2021-22 അധ്യയന വർഷത്തിൽ എയ്ഡഡ് സ്കൂളിൽ റഗുലർ തസ്തികയിൽ ഉണ്ടാകുന്ന (റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം തുടങ്ങിയവ) അധ്യാപക ഒഴിവുകൾ ചട്ട പ്രകാരമുള്ള നിയമ നടപടികൾ പാലിച്ച് 15/07/2021 മുതൽ മാനേജർക്ക് നിയമനം നടത്താവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാകുന്നു. 51 (എ) അവകാശിയായ എനിയ്ക്ക് സ്കൂളിൽ തസ്തിക ലഭ്യമാകുന്ന മുറയ്ക്ക് 15/07/2021 മുതൽ ജോലിയിൽ പ്രവേശിക്കുവാൻ അധികാര അവകാശമുണ്ട്. ഞാൻ സ്കൂളിൽ 01/06/2021 മുതൽ പ്രവേശിച്ച് തുടരുന്നു. ആകെയാൽ പെരുവെമ്പ സി.എ ഹയർ സെക്കന്ററി സ്കൂളിൽ പുനർ നിയമനത്തിന് അവകാശിയായ എനിയ്ക്ക് 01/06/2021 മുതൽ ജോലിയിൽ തുടരുന്നതിനാൽ ശമ്പളാനുകൂല്യം അനുവദിച്ച് ഉത്തരവാകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു.

ശ്രീമതി.ലക്ഷ്മിപ്രിയ.എസ് 01/06/2015 മുതൽ സ്കൂളിൽ ഹൈസ്കൂൾ വിഭാഗം ഫിസിക്കൽ സയൻസ് അദ്ധ്യാപികയായി അംഗീകാരത്തോടുകൂടി തുടർന്നു വരവെ കുട്ടികളുടെ കുറവു മൂലം 15/07/2019 മുതൽ പുറത്തു പോകേണ്ടി വന്നു.

2021-22 അദ്ധ്യയന വർഷത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഏഴ് തസ്തികകൾ ലഭിക്കുന്നതിന് ആവശ്യമായ കുട്ടികൾ ഉണ്ട്. ഏഴ് തസ്തികകൾ അനുവദിക്കപ്പെടുമ്പോൾ ഫിസിക്കൽ സയൻസ് വിഭാഗത്തിൽ രണ്ട് അദ്ധ്യാപകരെ നിലനിർത്താവുന്നതാണ്. 15/07/2019 തസ്തിക നഷ്ടപ്പെട്ട് പുറത്തുപോയ റിവിഷൻ ഹർജിക്കാരിയെ സ്കൂളിൽ തുടരുവാൻ 15/07/2021 മുതൽ തസ്തികയുണ്ട്. എന്നാൽ 2021-22 തസ്തിക നിർണ്ണയം നടന്നിട്ടില്ല.

06/07/2021 ലെ 3287/2021-ാം നമ്പർ ഉത്തരവ് 19-20 ലെ സ്റ്റാഫ് ഫിക്സേഷൻ തന്നെ 21-2022 തുടരുവാൻ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ തസ്തിക നഷ്ടപ്പെട്ട് പുറത്തുനിൽക്കുന്നവരുടെ കാര്യത്തിൽ ഉത്തരവിൽ യാതൊന്നും പ്രതിപാദിച്ചിട്ടില്ല. ആയതിനാൽ തസ്തിക നഷ്ടപ്പെട്ട് പുറത്തുനിൽ ക്കുന്നവരെ 15/07/2021 മുതൽ സ്കൂളിൽ പ്രവേശിപ്പിക്കുവാൻ അനുവാദം ലഭ്യമാക്കേണ്ടതാണ്.

സർക്കാരിന്റെ അനുമതി ലഭിക്കുമെന്ന ഉത്തമ വിശ്വാസത്തിൽ 01/06/2021 മുതൽ റിവിഷൻ ഹർജിക്കാരി സ്കൂളിൽ പ്രവർത്തിച്ചു വരുന്നു.”

2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പെരുവമ്പ സി.എ എച്ച്.എസിലെ ശ്രീമതി ലക്ഷ്മി പ്രിയക്ക് 01/06/15 മുതൽ അംഗീകൃത എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് നിയമനം ലഭിച്ചിട്ടുണ്ട്. അപ്രകാരം തുടരവെ 2019-2020 വർഷത്തെ തസ്തിക നിർണ്ണയത്തിൽ വിദ്യാർത്ഥികളുടെ കുറവുമൂലം ഡിവിഷൻ ഫാൾ ഉണ്ടാകുകയും 14/07/2019 ന് ശ്രീമതി. ലക്ഷ്മി പ്രിയ റിട്രെഞ്ച്ഡ് ആവുകയും ചെയ്തു.

2020-21 ലെ വിദ്യാർത്ഥി അധ്യാപക അനുപാതം കണക്കിലെടുക്കുമ്പോൾ ലഭിക്കുന്ന എച്ച്.എസ്.ടി ഫിസിക്കൽ സയൻസ് അധിക തസ്തികയിൽ തിരികെ വിളിക്കണമെന്നാണ് ആവശ്യം

06/07/2021 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3287/2021 ലെ നിർദ്ദേശം അനുസരിച്ച് 2019-2020 തസ്തിക നിർണ്ണയ ഉത്തരവ് 2020-2021, 2021-2022 വർഷത്തേക്ക് തുടരാൻ സർക്കാർ നിർദ്ദേശം ഉണ്ട്.

2019-20 ലെ തസ്തികകൾ തന്നെ 2021-2022 ലും തുടരുന്നതിനാൽ ശ്രീലക്ഷ്മിയുടെ ആവശ്യം പരിഗണിക്കാനാവില്ല. മാത്രമല്ല 1:40 അനുപാതത്തിന്റെ പ്രയോജനം ലഭിക്കുന്നത് നിലവിൽ തുടരുന്ന അധ്യാപകർക്ക് തസ്തിക നഷ്ടമാവാതെ നിലനിർത്തുന്നതിനാണ്. ആയതിനാലും ശ്രീമതി.ലക്ഷ്മി പ്രിയക്ക് ഈ ആനുകൂല്യം ലഭ്യമാവില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.”

3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ ആവശ്യം പരിശോധിച്ചു. ആവശ്യം അനുവദിക്കുന്നതിന് മാർഗ്ഗനിർദ്ദേശകങ്ങളായ ഉത്തരവുകളോ ചട്ടവ്യവസ്ഥകളോ നിലവിലില്ലെന്നു കാണുന്നതിനാൽ ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ്.പി. 6 റിവിഷൻ ഹർജി, നിരസിച്ചു തീർപ്പാക്കി അപ്രകാരം പാലക്കാട് സി.എ.എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) ശ്രീമതി.ലക്ഷ്മിപ്രിയ എസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.24260/2021 ലെ 17.11.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, സി.എ.ഹയർ സെക്കണ്ടറി സ്കൂൾ, പെരുവെമ്പ, പാലക്കാട്
ശ്രീമതി.ലക്ഷ്മിപ്രിയ എസ്, എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്), സി.എ.ഹയർ സെക്കണ്ടറി സ്കൂൾ, പെരുവെമ്പ, പാലക്കാട്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 06-04-2022 12:17:25**
സെക്ഷൻ ഓഫീസർ